**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ- ഓർഡിനേറ്ററായ ശ്രീമതി. ഷാനിമോൾ. എ, എച്ച്.എസ്.എസ്.റ്റി, എസ്.എൻ.എച്ച്.എസ്.എസ്,ചിതറ, കൊല്ലം- അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 1082/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 29/05/2019**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/Fin നമ്പർ ഉത്തരവ്

3. 31.03.2017 തീയതിയിലെ സ.ഉ(സാധാ) നം. 1035/2017/തസ്വഭവ നമ്പർ ഉത്തരവ്

4. 08/06/2018 തീയതിയിലെ സ.ഉ(സാധാ) 1569/2018/തസ്വഭവ നമ്പർ ഉത്തരവ്

5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/04/2019 -ലെ 4216/ഇ 1/17/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ചിതറ എസ്.എൻ.എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി.(കമ്പ്യൂട്ടർ സയൻസ്) ആയ ശ്രീമതി. ഷാനിമോൾ.എ-യെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ ഓഫീസിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(4), പ്രകാരം ടിയാളുടെ അന്യത്രസേവനം 31/03/2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി **31/03/2019** തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ **01/04/2019** തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ഷാനിമോൾ എ., എച്ച്.എസ്.എസ്.റ്റി-യുടെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ (**140** സി) പ്രകാരമുള്ള വ്യവസ്ഥകൾക്കു വിധേയമായി **01/04/2019** മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ജയശ്രീ.എൻ**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (ഹയർസെക്കന്ററി ഡയറക്ടർ മുഖേന)
മാനേജർ,എസ്.എൻ.ഡി.പി യോഗം സ്കൂൾ, ചിതറ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**